**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1785** **09-12-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ യന്ത്രവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ യന്ത്രവൽക്കരണം അനിവാര്യമായ സാഹചര്യത്തിൽ, കാർഷിക യന്ത്രങ്ങൾ പഞ്ചായത്തുകൾ തോറും ലഭ്യമാക്കാനും ഇവയുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്താനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | കാർഷിക യന്ത്രോപകരണങ്ങൾ എല്ലാ പഞ്ചായത്തിലും ലഭ്യമാക്കുവാനായി ഘട്ടം ഘട്ടമായി പഞ്ചായത്തുകൾ തോറും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക കർമ്മസേനകളും ബ്ലോക്ക് അടിസ്ഥാനത്തിൽ കൃഷിശ്രീ സെന്ററുകളും സ്ഥാപിച്ചു വരുന്നു. ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തോട- നുബന്ധിച്ചു പ്രവർത്തിക്കുന്ന കസ്റ്റം ഹയറിങ് സെന്ററുകൾ മുഖേനയും കർഷകർക്ക് കാർഷിക യന്ത്രങ്ങൾ ലഭ്യമാണ്. ഈ കേന്ദ്രങ്ങൾ മുഖേന കർഷകർക്ക് മിതമായ നിരക്കിൽ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ നിലവിലെ 368 കാർഷിക കർമ്മ സേനകളിൽ 205 കാർഷിക കർമ്മസേനകളിലും കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷിക യന്ത്രവത്കരണ ഉപദൗത്യം (SMAM) വഴി സബ്സിഡിയോടെ വ്യക്തികൾക്കും പാടശേഖര സമിതികൾക്കും കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നുണ്ട്. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ കീഴിൽ കേരള കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. മിഷൻ ആവിഷ്കരിച്ച 'കാർഷിക യന്ത്രപരിരക്ഷണ യജ്ഞത്തിലൂടെ' ജില്ലകൾ തോറും ക്യാമ്പ് സംഘടിപ്പിച്ച് കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇത്തരം ക്യാമ്പ് വഴി 705 പേർക്ക് അറ്റകുറ്റപ്പണി പരിശീലനം നൽകി പ്രാപ്തരാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ